## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 288 | 18-03-2013-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പട്ടിക വർഗ്ഗക്കാർക്കെതിരെ അതിക്രമങ്ങൾ ഉണ്ടായാൽ ഉടൻതന്നെ സ്ഥലത്തെത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് പോലീസ് സർക്കിൾതല കമ്മിറ്റികളും 3 മാസത്തിൽ ഒരിക്കൽ ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാതല കമ്മിറ്റികളും കൂടി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരാതികൾ കേട്ട് ആയതിന് ഉടനടി പരിഹാരം കണ്ടുവരുന്നതും ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് |

കമ്മിറ്റികൾ കൂടി അതിക്രമങ്ങൾക്ക് ഇരയായവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നതും കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന സ്ഥലങ്ങൾ സമയ ബന്ധിതമായി സന്ദർശിച്ച് ടി ആളുകളുടെ പരാതികൾ കേട്ട് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആയതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇത്തരത്തിലുള്ള 56 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈത്തിരി താലൂക്ക് - 18 കേസ്സുകൾ, സുൽത്താൻബത്തേരി താലൂക്ക് - 13 കേസ്സുകൾ, മാനന്തവാടി താലൂക്ക് - 25 കേസ്സുകൾ.

(സി) പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വയനാട്ടിൽ ആരംഭിച്ച കോടതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(സി) വയനാട് ജില്ലയിൽ പ്രത്യക കോടതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ